സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇലഞ്ഞി ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം. (പി.9) 005 /2020

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല

തീയതി. 03.01.2020

e-mail.lfadekm@gmail.com

ഫോൺ – 0484- 2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,

ഇലഞ്ഞി ഗ്രാമ പഞ്ചായത്ത്

(സെക്രട്ടറി മുഖേന)

സർ,

വിഷയം : ഇലഞ്ഞി ഗ്രാമ പഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.-ഇ.കെ.എം. (പി.9) 005 /2020 തിയതി: .03.01.2020

**എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിന്റെ**

**2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള**

**ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ ഇലഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ 2018-19-സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുക യുണ്ടായി. പഞ്ചായത്ത് 13.10.2018 മുതൽ 30.11.2019വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിനോദ് കെ.കെ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 20.12.2019 മുതൽ 31.12.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ രാജീവ് ആർ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ യോഗേഷ്. ആർ. | ഓഡിറ്റർ |
| ശ്രീ അഭിലാഷ്. ആർ. | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ ജോയ്സ് മാമ്പിള്ളിൽ | 1.4.2018 | 31.3.2019 |
| വൈസ് പ്രസിഡന്റ് | ശ്രീമതി ജിലു സിബി | 1.4.2018 | 31.3.2019 |
| **സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്** | | | |
| വികസന കാര്യം | ശ്രീ റെജി ജോർജ്ജ് | 1.4.2018 | 31.3.2019 |
| ക്ഷേമകാര്യം | ശ്രീമതി ലീല സുഖവാസ് | 1.4.2018 | 31.3.2019 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി റിയ മനോജ് | 1.4.2018 | 31.3.2019 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി അനിമോൾ കെ. | 1.4.2018 | 8.10.2018 |
| | ശ്രീ കെ.എൻ.അജയൻ (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്) | 9.10.2018 | 19.10.2018 |
| | | | |

| | | | |
|---|---|---|---|
| | ശ്രീമതി അനിമോൾ കെ. | 20.10.2018 | 31.3.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ കെ.എൻ.അജയൻ | 1.4.2018 | 31.3.2019 |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി അശ്വതി പി. | 1.4.2018 | 14.01.2019 |
| | ശ്രീ ബാബു ജോൺ | 15.1.2019 | 4.3.2019 |
| | ശ്രീമതി ഗായത്രി | 5.3.2019 | 31.3.2019 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി, | ഡോ.ആഷ | 1.4.2018 | 17.3.2019 |
| | ഡോ മോഹൻദാസ് റ്റി.കെ, | 18.3.2019 | 31.3.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സജി ജോൺ | 1.4.2018 | 24.7.2018 |
| | ഡോ. സൂര്യമോൾ | 25.7.2018 | 31.7.2018 |
| | ഡോ.ഗോൾഡോ കൈമൾ | 1.8.2018 | 31.3.2019 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ദിവ്യ സി. നായർ | 1.4.2018 | 31.3.2019 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഷൈല കെ.കെ. | 1.4.2018 | 5.7.2018 |
| | ശ്രീമതി സുജാത എസ്.എൻ | 6.7.2018 | 31.3.2019 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (മുത്തോലപുരം) | ശ്രീമതി ജിഷ പി.എം | 1.4.2018 | 31.3.2019 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (ഇലഞ്ഞി) | ശ്രീ വിനോദ് വി. | 1.4.2018 | 31.3.2019 |
| വെറ്റിനറി സർജൻ | ഡോ. ഹരികുമാർ | 1.4.2018 | 14.9.2018 |
| | ഡോ.ജയൻ കെ.സി. | 15.9.2018 | 31.3.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ബിന്ദു പ്രസാദ് | 1.4.2018 | 13.3.2019 |
| | ശ്രീമതി സോന മാത്യു | 14.3.2019 | 31.3.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഗീതാഞ്ജലി | 13.3.2019 | 31.3.2019 |
| ഹെഡ്മാസ്റ്റർ, GLPS ആലപുരം | ശ്രീ സജീവ് | 1.4.2018 | 31.5.2018 |
| | ശ്രീമതി കസ്തൂർബായി | 1.6.2018 | 31.3.2019 |

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടച്ച തുകയുടെ വിവരം | 1-12 |
| 13 | സഞ്ചയയിലെ അപാകതകൾ | 1-13 |
| 14 | എസ്.എസ്.എ. വിഹിതം – ഉപയോഗിച്ചത് | 1-14 |
| 15 | മൊബൈൽ ടവറിനെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി | 1-15 |
| 16 | സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം നല്കി | 1-16 |
| 17 | പ്രായം തെളിയിക്കുന്ന രേഖകൾ പരിഗണിക്കാതെ കട്ടിൽ വിതരണം ചെയ്തു | 1-17 |
| 18 | ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-18 |
| 19 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- മുന്കൂര് പണം നല്കിയിട്ടും പദ്ധതി നടത്തിപ്പില് വീഴ്ച വരുത്തി | 1-19 |
| 20 | ലൈഫ് ഭവന പദ്ധതി- ധനസഹായം ലഭിച്ചിട്ടും വീട് പണി പൂർത്തിയാക്കിയില്ല. | 1-20 |
| 21 | പാലിന് ഇൻസെന്റീവ്- മതിയായ തുക വകയിരുത്തുന്നില്ല | 1-21 |
| | ഭാഗം 2 | |
| | ഇല്ല | |
| | ഭാഗം - 3 | |
| | ഇല്ല | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1. ബജറ്റ്

2018-19 ലേക്കുള്ള ബജറ്റ് 24.3.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.2.2019 തിയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 13.05.2019 |

## 1-3. വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2018-19 | 13.6.2019 & 14.6.2019 | KSA EKM(PG)1227(58) /19 /03.8.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ് , ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2508615.00 |
| വരവ് | 60406136.00 |
| ആകെ | 62914751.00 |
| ചെലവ് | 53464217.00 |
| നീക്കിയിരിപ്പ് | 9450534.00 |

## 1-5. ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12789000 | 12789000 | 12701810 | 0 | 87190 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1817000 | 1817000 | 1809735 | 0 | 7265 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 27000 | 27000 | 27000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5419000 | 5419000 | 5095001 | 0 | 323999 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2780000 | 2780000 | 2780000 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5936000 | 5936000 | 5681071 | 0 | 254929 |

| | | | | | | |
|---|---|---|---|---|---|---|
| കെ. എൽ. എസ്. ജി. ഡി. പി | 0 | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ. ജി.എസ്. | 3963 | 671539 | 675232 | 670510 | 4722 | 0 |
| ദുരിതാശ്വാസനിധി | 8061 | 162 | 8223 | 0 | 8223 | 0 |
| ട്രഷറി ടി. എസ്. ബി. ജോയിന്റ് വെഞ്ചർ | 486982 | 7958704 | 8445686 | 6240638 | 2205048 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | -2495343 | 6931872 | 4436529 | 3084068 | 1352461 | 0 |
| എസ്.ബി. ഐ. ഇ പേയ്മെന്റ് | 36647 | 120913 | 157560 | 53639 | 103921 | 0 |
| എസ്.ബി. ഐ. തനത് ഫണ്ട് | 3425210 | 5535853 | 8961063 | 5171339 | 3789724 | 0 |
| സഹകരണ ബാങ്ക് | 1008188 | 3402967 | 4411155 | 2759911 | 1651244 | 0 |
| എസ്.ബി. ഐ. ലൈഫ് | 0 | 1662887 | 1662887 | 1660992 | 1895 | 0 |
| എസ്.ബി. ഐ. ലൈഫ് CSR | 0 | 206324 | 206324 | 144949 | 61375 | 0 |
| ബി. ഫണ്ട് | 0 | 27291740 | 27291740 | 27291740 | 0 | 0 |

# 1-6. പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 141 | 59332519 | 119 | 38963525 | 0 | 22 | 84.40 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3693 | 671539 | 675232 | 670510 | 4722 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 23648618 | 23648618 | 23648618 | 0 |
| ആകെ | 3693 | 24320157 | 24323850 | 24319128 | 4722 |

# 1-8. ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 17040 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 4208800 | 319 |
| വിധവാപെൻഷൻ | 6282500 | 534 |
| വാർദ്ധക്യകാല പെൻഷൻ | 13804100 | 125 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2356700 | 194 |
| അവിവാഹിതരായ 50 വയ സ്സിനുമുകളിൽ പ്രായമായ വനി തകൾക്കുള്ള ധനസഹായം | 622600 | 55 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4200/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1) പ്രൊക്യുർമെന്റ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നില്ല.

പഞ്ചായത്തിന് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാൻ ഇല്ല. പ്രൊക്യുർമെന്റ് ചട്ടങ്ങൾ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടി ക്രമമനുസരിച്ച് സമാഹരണ രീതി ആരംഭിക്കുവാനും നിഷ്കർഷിച്ചിട്ടുണ്ട്. മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിനു ശേഷം വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങണമെന്നും വിശദീകരിക്കുന്നു. എന്നാൽ പഞ്ചായത്തിൽ 60 വയസു പൂർത്തിയായവർക്ക് കട്ടിൽ നൽകുന്ന പ്രൊജക്ടിൽ ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിച്ചു കണ്ടില്ല. അസിസ്റ്റന്റ് സെക്രട്ടറി , ഐ.സി.ഡി.എസ്. സൂപ്പർ വൈസർ മുഖേന നടപ്പിലാക്കിയ ഒരേ പദ്ധതിയിൽ വിവിധ നിരക്കിലാണ് കട്ടിലിന്റെ വിലയായി നൽകേണ്ടി വന്നത്. ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നടപ്പിലാക്കിയ പ്രൊജക്ടിൽ ഒരു കട്ടിലിന്റെ നിരക്ക് 3,600/- രൂപയും അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകളിൽ 3,850/-, 3,600/- രൂപയുമാണ് . മൂന്നു പ്രാവശ്യം ടെണ്ടർ നടപടികൾ നടത്തുകയും ചെയ്തിരിക്കുന്നു. കൃത്യമായ പ്ലാനിംഗ് ഇല്ലാത്തതിനാൽ അധിക നടപടിക്രമങ്ങളും അധിക ചെലവും സ്ഥാപനത്തിനുണ്ടാകുകയും ചെയ്യുന്നു. അപാകതകൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

2) മോണിറ്ററിംഗ്

ഏതൊരു പ്രൊജക്ടിന്റേയും ജയപരാജയങ്ങൾ വിലയിരുത്തുന്നത് കൃത്യമായ മോണിറ്ററിംഗിലൂടെയാണ്. മോണിറ്ററിംഗ് റിപ്പോർട്ട് മിക്ക ഫയലിലും ഉണ്ടെങ്കിലും മിക്കതിലും കൃത്യമായ വിവരങ്ങൾ ചേർത്തിട്ടില്ല. മോണിറ്ററിംഗ് കമ്മറ്റി യോഗം കൂടിയതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കിയില്ല. പ്രൊജക്ടുകളിൽ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2019 | 10/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6-7 2019 | 2004-05 മുതൽ 2008- 09 വരെ | 14.8.2009 |

# 1-12 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്.

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 27,811/- രൂപ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | ഇനം | തിരിച്ചടച്ച തുക | രസീത് നമ്പർ/തിയതി |
|---|---|---|---|
| 2 | അധിക വേതനം നൽകിയത് | 9100 | 119020103029 / 28.12.2019 & 119020103030/ 28.12.2019 |
| 8 | റഗുലറൈസേഷൻ | 297 | 119020103020/ 28.12.2019 |
| | | 86 | 119020103022/ 28.12.2019 |
| 9 | ആർജിതാവധി അധികം | 3750 | 119020103028/ 28.12.2019 |

| | | | |
|---|---|---|---|
| | സറണ്ടർ ചെയ്തത് | | |
| 14 | ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിച്ചത് | 507 | 119020103058/ 31.12.2019 |
| 12 | തൊഴിൽ നികുതി | 4385 | 119020103063/ 31.12.2019 |
| 12 | തൊഴിൽ നികുതി | 1361 | 119020103064/ 31.12.2019 |
| 11 | ലൈസൻസ് ഫീസ് | 7825 | 119020103055/ 31.12.2019 |
| 11 | ലൈസൻസ് ഫീസ് | 500 | 119020103057/ 31.12.2019 |
| | ആകെ | 27811 | |

# 1-13 സഞ്ചയയിലെ അപാകതകൾ

1. സഞ്ചയ സോഫ്റ്റ് വെയറിലെ ഡിസ്ക്രിപ്പൻസി എന്ന ഹെഡ്ഡിലെ വിവിധ ഇനങ്ങളിലായി ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനം. | അപാകത പരിഹരിക്കേണ്ട കെട്ടിടങ്ങളുടെ എണ്ണം. |
|---|---|---|
| 1 | സസ്പെക്ട് ചെയ്തിരിക്കുന്ന കെട്ടിടങ്ങൾ | 383 |
| 2 | നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള എന്നാൽ ഇതുവരെ സത്യവാങ്മൂലം സമർപ്പിക്കാത്ത കെട്ടിടങ്ങൾ | 6 |
| 3 | നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടെങ്കിലും. ഡിമാൻഡിൽ കുറവ് രേഖപ്പെടുത്താത്ത കെട്ടിടങ്ങൾ | 4 |
| 4 | നികുതി ഇളവ് നൽകിവരുന്ന 2000 ച.അടിക്ക് മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 6 |

2. സഞ്ചയയിലെ Other Reports എന്ന ഹെഡ്ഡിലെ റിപ്പോർട്ട് പ്രകാരം അസസ്മെന്റിൽ മിസിംഗ് ഉള്ള കെട്ടിടങ്ങൾ കാണുന്നു. ഏതാനും വാർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | മിസിംഗ് ആയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 2 | 71 |
| 3 | 100 |
| 4 | 98 |
| 10 | 28 |

മേൽ സൂചിപ്പിച്ച അപാകതകൾ പരിശോധിക്കേണ്ടതും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

# 1-14 എസ്.എസ്.എ വിഹിതം -ഉപയോഗിച്ചത് സംബന്ധിച്ച്

| | | |
|---|---|---|
| പ്രോജക്റ്റിന്റെ നമ്പർ, പേര് | S023/19, എസ്.എസ്.എ വിഹിതം നൽകൽ | S024/19, എസ്.എസ്.എ വിഹിതം നൽകൽ (എസ്.സി) |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) 5,50,000 | വികസന ഫണ്ട് (എസ്.സി.പി) 1,00,000 |
| ചെലവ് | 01/18-19/ 29.09.18 – 5,50,000 | 02/18-19/ 29.09.18 – 1,00,000 |
| നിർവ്വഹണ | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ് | ഹെഡ്മിസ്ട്രസ് ഗവ.എൽ.പി.എസ് ആലപുരം |

| | | |
|---|---|---|
| ഉദ്യോഗസ്ഥ | ആലപുരം | |

ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.എ. എറണാകുളം നൽകിയ ഫിസിക്കൽ ആന്റ് ഫൈനാൻഷ്യൽ പ്രോപ്പോസൽ ഫോർ ഗ്രാമപഞ്ചായത്ത്സ്- ഇലഞ്ഞി ഗ്രാമപഞ്ചായത്ത് 2018-19 – പ്രകാരം 32,35,469 രൂപയുടെ പ്രവർത്തനങ്ങളാണ് എസ്.എസ്.എ. 2018-19 ൽ ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ നടത്താൻ ഉദ്ദേശിച്ചിരുന്നത് . ഇതിന്റെ 40% തുകയായ 12,94,187 രൂപയാണ് എസ്.എസ്.എ. വിഹിതമായി ആവശ്യപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് 6,50,000 രൂപ എസ്.എസ്.എ വിഹിതമായി നൽകിയിട്ടുണ്ട്. 16,25,000 രൂപയുടെ പ്രവർത്തനങ്ങളായിരുന്നു എസ്.എസ്.എ പഞ്ചായത്തിൽ നടത്തേണ്ടിയിരുന്നത്.

ജില്ലാ പ്രോജക്ട് ഓഫീസർ എസ്.എസ്.എ. എറണാകുളം നൽകിയ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം മേജർ റിപ്പയർ വർക്കിനായി 2,40,000 രൂപയും, പ്രൊവിഷൻ ഫോർ ചിൽഡ്രൻ വിത്ത് സ്പെഷ്യൽ നീഡ്സ് 64 എണ്ണം ചെയ്യേണ്ടതിൽ 7 എണ്ണം 414990 രൂപയ്ക്കും ചെയ്തിട്ടുണ്ട്. ഇവ ഏതു സ്കൂളുകളിലാണ് ചെയ്തത് എന്ന് അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ല. ഈ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തിയിട്ടുണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയോ മോണിട്ടറിംഗ് ഗ്രൂപ്പോ ഉറപ്പ് വരുത്തിയിട്ടില്ല.പദ്ധതി മാർഗ്ഗരേഖ പ്രകാരം (സർക്കാർ ഉത്തരവ് (കൈ) നം.11/2018/ത.സ്വ.ഭ.വ. തീയതി 29.01.18 -7.6-വിദ്യാഭ്യാസം) എസ്.എസ്.എ പ്രോജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ പദ്ധതി രൂപവത്ക്കരിച്ചപ്പോഴോ, നിർവ്വഹണ ഘട്ടത്തിലോ പഞ്ചായത്ത് ക്രിയാത്മകമായി ഇടപെടൽ നടത്തിയതിന് രേഖകളില്ല.

മേൽ ഉത്തരവിലെ ഖണ്ഡിക 3.1.2 B(13) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ ആണെങ്കിൽ മോണിട്ടറിംഗ് ഗ്രൂപ്പ് കൺവീനറായി മറ്റൊരാളെ തെരഞ്ഞെടുക്കേണ്ടതാണ്. എന്നാൽ പ്രോജക്ട് മോണിട്ടർ ചെയ്യേണ്ട വിദ്യാഭ്യാസം, കല, സംസ്കാരം മോണിട്ടറിംഗ് ഗ്രൂപ്പ് കൺവീനറെ മിനിട്സ് പ്രകാരം തെരഞ്ഞെടുത്തിട്ടില്ല. മിനിട്സ് ബുക്ക് പ്രകാരം 2018-19 ൽ മീറ്റിംഗ് കൂടിയിട്ടില്ല. മിനിട്സ് ബുക്കിൽ പദ്ധതി മോണിട്ടർ ചെയ്തതിന്റെ രേഖകൾ ഒന്നും തന്നെയില്ല. മോണിട്ടറിംഗ് ഗ്രൂപ്പ് കൺവീനറെ തെരഞ്ഞെടുക്കാതിരുന്നതിന്റെയും പ്രോജക്ട് മോണിട്ടർ ചെയ്യാതിരുന്നതിന്റെയും കാരണമായി ഇക്കാര്യങ്ങൾ അറിയില്ലായിരുന്നുവെന്ന് മറുപടി തന്നിട്ടുണ്ട്.
വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ശ്രദ്ധ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തങ്ങളിൽ നിക്ഷിപ്തമായ കടമകൾ ശരിയായ രീതിയിൽ നിർവ്വഹിക്കുന്നുണ്ടെന്ന് ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതാണ്.

# 1-15 മൊബൈൽ ടവറിനെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ -പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ 20 ച.മീറ്റർ വിസ്തീർണ്ണമുള്ള XII/297A നമ്പർ ബിഎസ്എൻഎൽ മൊബൈൽ ടവറിനെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. പഞ്ചായത്തിൽ മൊബൈൽ ടവറുകൾക്ക് ച.മീറ്ററിന് 500/- രൂപയാണ് വസ്തുനികുതി നിരക്ക്. ഇപ്രകാരം കണക്കാക്കുമ്പോൾ വർഷം 10,000/- രൂപയോളം (ഇളവ്/വർദ്ധനവ് പരിഗണിക്കാതെ) മൊബൈൽ ടവറിന്റെ വസ്തുനികുതിയിനത്തിൽ ലഭിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/27.12.19) പ്രസ്തുത ടവറിന് 8,400/- രൂപ എൻക്വയറിയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ടെന്നും ബി.എസ്.എൻ.എൽ ന് ഡിമാന്റ് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടവറിന്റെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-16 സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനസഹായം നല്കി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ , പേര് | S158/19, വീടിന് ചുറ്റുമതിൽ നിർമ്മാണം. |
| അടങ്കൽ | വികസന ഫണ്ട് (റ്റി.എസ്.പി)- 12000 |
| ചെലവ് | 10/18-19/22.03.19 – 12,000 |
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

വീടിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് അസി.എൻജിനീയറുടെ വാല്യുവേഷനെ (എർത്ത് വർക്ക് ആന്റ് ബ്രിക്ക് വർക്ക് – 16,956 രൂപ) അടിസ്ഥാനമാക്കി ബീന പ്രസാദ് എന്നയാൾക്ക് 12,000/- രൂപ നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (എം.എസ്) 22/2018 തീയതി 14.02.2018- സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീടിന് ചുറ്റു മതിൽ നിർമ്മിക്കുന്നതിന് ധനസഹായം നൽകാവുന്നതല്ല. ഇതിനു മറുപടിയായി പഞ്ചായത്ത് പരിധിയിലെ ഒരേ ഒരു എസ്.റ്റി. ഗുണഭോക്താവാണെന്നും ഇവർക്ക് മറ്റു ധനസഹായങ്ങൾ ആവശ്യമില്ലാത്തതിനാൽ ടി.എസ്.പി. ഫണ്ട് ലാപ്സാകാതിരിക്കാനാണ് പ്രോജക്ട് നടപ്പാക്കിയതെന്നും മറുപടി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ധനസഹായം നൽകിയതിന് ഇതൊന്നും മതിയായ കാരണങ്ങളല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 പ്രായം തെളിയിക്കുന്ന രേഖകൾ പരിഗണിക്കാതെ കട്ടിൽ വിതരണം ചെയ്തു

| | |
|---|---|
| പേര് | S083/19, വയോജനങ്ങൾക്ക് കട്ടിൽ വിതരണം |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി)-34650 |
| ചെലവ് | 03/18-19/24.12.18 – 34,650 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

സർക്കാർ ഉത്തരവ് (എം.എസ്) 22/2018 തീയതി 14.02.2018 -7.1.13.2പ്രകാരം അറുപത് വയസ്സുകഴിഞ്ഞ പട്ടിക ജാതി വിഭാഗത്തിലെ വയോജനങ്ങൾക്ക് യൂണിറ്റ് ചെലവ് 4,350/- രൂപയിൽ കവിയാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. 3,850/- രൂപ വിലയുള്ള 9 കട്ടിലുകൾ കല്ലാനീസ് സൂപ്പർ ഷോപ്പി, ഇലഞ്ഞി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട് (പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 14.08.18 ലെ യോഗത്തിന്റെ അംഗീകാര പ്രകാരം).

i. സുഖവാസ് കെ.പി, കുരിശുമലയിൽ എന്ന ഗുണഭോക്താവിന്റെ പ്രായം ആധാർ പ്രകാരം 54 വയസ്സും, 2017 ൽ അദ്ദേഹത്തിന് ലഭിച്ച റേഷൻകാർഡ് പ്രകാരം 53 വയസ്സുമാണ്. എന്നാൽ 60 വയസ്സിൽ കുറയാതെ പ്രായമുണ്ടെന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റ് പ്രകാരം അദ്ദേഹത്തിന് കട്ടിൽ നൽകിയിട്ടുണ്ട്. മറ്റ് രേഖകളുടെ അഭാവത്തിൽ മാത്രമാണ് ഡോക്ടറുടെ സർട്ടിഫിക്കറ്റ് പരിഗണിക്കാവൂന്നത്. ഇതിനു മറുപടിയായി മറ്റു രേഖകളുടെ അഭാവത്തിൽ മാത്രം ഡോക്ടറുടെ സർട്ടിഫിക്കറ്റ് പരിഗണിക്കാവൂ എന്ന ഉത്തരവ് 26.07.18 ലാണ് നിലവിൽ വന്നത് എന്ന് മറുപടി തന്നിട്ടുണ്ട്. എന്നാൽ ചെലവ് നടക്കുന്നത് 24.12.18 ലാണ്.

ii. അസി. സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് നം.31/18-19 വയോജനങ്ങൾക്ക് കട്ടിൽ -പൊതു വിഭാഗം എന്ന പ്രോജക്ടിൽ 274 കട്ടിലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 26.12.18 ലെ യോഗത്തിലെ തീരുമാന പ്രകാരം 06.02.19 ൽ കല്ലാനീസ് സൂപ്പർ ഷോപ്പി, ഇലഞ്ഞി എന്ന സ്ഥാപനത്തിൽ നിന്നും നെഗോസിയേഷൻ നടത്തി , കട്ടിലൊന്നിന് 3600/- രൂപയ്ക്ക് വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്.
സർക്കാർ ഉത്തരവ് (പി)നം.03/2013/ എസ്.പി.ഡി. തീയതി 21.06.13 ഖണ്ഡിക 6.1 പ്രകാരം ഒരു വർഷത്തേക്കുള്ള ആവശ്യകത മുൻകൂട്ടി കണ്ടുവേണം ഇൻഡന്റ് തയ്യാറാക്കേണ്ടത്. ഖണ്ഡിക 7.2 പ്രകാരം ഭാഗികമായ വാങ്ങലുകൾ നടത്താൻ ആവശ്യകതയെ ചെറിയ ഘടകങ്ങളായി വിഭജിക്കുവാൻ പാടില്ല. ഇതനുസരിച്ച് വിവിധ വിഭാഗങ്ങൾക്ക് കട്ടിൽ വാങ്ങുവാനായി ഒറ്റ ഇൻഡന്റ് ആയിരുന്നു തയ്യാറാക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതെ എസ്. സി. വിഭാഗക്കാർക്ക് ഒൻപത് കട്ടിലുകൾ അതേ വിതരണക്കാരനിൽ നിന്ന് പ്രത്യേകം വാങ്ങിയതു മൂലം കട്ടിലൊന്നിന് 250/- രൂപവെച്ച് 2,250/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇതിനു മറുപടിയായി സമയ നഷ്ടം ഒഴിവാക്കുന്നതിനാണ് രണ്ട് ടെൻഡറുകൾ ക്ഷണിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ഉത്തരവുകൾ പാലിക്കാതിരിക്കുന്നതിന് അത് മതിയായ കാരണമല്ല.
ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

# 1-18 ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ | പ്രോജക്ട് നം, | ചെലവ് | ഏജൻസി | കുറിപ്പുകൾ |
|---|---|---|---|---|

| നം | പേര് | | | |
|---|---|---|---|---|
| 1 | ജനമൈത്രി റോഡിൽ നടുവേലിക്കുന്ന് | 107000 | കെ.ഡബ്ല്യൂ.എ. | 82,099/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ബാക്കി തുകയായ 2,49,011/- രൂപ തിരികെ ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. |
| 2 | വാർഡ്- സ്ട്രീറ്റ് ലൈൻ വലിക്കൽ | 99,756 | കെ.എസ്.ഇ.ബി | |

ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് തുക 99,756/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- മുൻകൂർ പണം നല്കിയിട്ടും പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തി

| | |
|---|---|
| പ്രോജക്ട് നം., പേര് | S 012/19, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) -5,00,000/- |
| ചെലവ് | 01/18-19-16.11.18 - 2,56,250<br>03/18-19-07.01.19 - 1,25,000<br>12/18-19-26.03.19 - 1,18,750<br>ആകെ = 5,00,000/- |

എട്ട് മാസം പ്രായമുള്ള 80 കന്നുകുട്ടികളെ പ്രസവം വരെ പരിപാലിക്കുന്നതിനായി ഒരു കന്നുകുട്ടിക്ക് 6250/- രൂപ വച്ച് ആകെ 5,00,000/- രൂപ പ്രോജക്ട് ഓഫീസർ ഐ.സി.ഡി.പി ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്.

2019 സെപ്തംബർ മാസം ഒരു ഗുണഭോക്താവിനും കാലിത്തീറ്റ നൽകിയിട്ടില്ല. കേരള ഫീഡ്സ് കാലിത്തീറ്റ സപ്ലൈ ചെയ്യാതിരുന്നതിനാലാണ് കാലിത്തീറ്റ ഗുണഭോക്താക്കൾക്ക് നൽകാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.തൊട്ടു മുൻപുള്ള മാസം മിച്ചമിരുന്ന കാലിത്തീറ്റ ഉപയോഗിച്ച് മൂന്ന് ഗുണഭോക്താക്കൾക്ക് നൽകാൻ കഴിഞ്ഞുവെന്നും അറിയിച്ചിട്ടുണ്ട്.പ്രോജക്ടിന്റെ അടങ്കൽ തുക മുഴുവൻ മുൻകൂറായി കൈപ്പറ്റിയതിനു ശേഷം ഇങ്ങനെ കാലിത്തീറ്റ ഗുണഭോക്താക്കൾക്ക് നൽകാതിരുന്നതിന് ന്യായീകരണമില്ല. പ്രോജക്ട് ഓഫീസർ കേരള ഫീഡ്സുമായി കരാറിൽ ഏർപ്പെടാതിരുന്നതിലാണോ ഇങ്ങനെ സംഭവിച്ചതെന്ന് വിശദീകരിച്ചിട്ടില്ല. കന്നുകുട്ടികൾ പൂർണ്ണ വളർച്ചയെത്തുന്നതു വരെയുള്ള പരിപാലനമാണ് പ്രോജക്ടിന്റെ ലക്ഷ്യം. വളരുന്ന പ്രായത്തിൽ ഒരു മാസം മുഴുവനും കാലിത്തീറ്റ നൽകാതിരുന്നാൽ പ്രോജക്ട് ലക്ഷ്യം കൈവരിക്കാനാവില്ല.മൃഗസംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് / മോണിട്ടറിംഗ് ഗ്രൂപ്പും ഇതുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയായ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കാലിത്തീറ്റ നൽകിയതിൽ മുടക്കം വരുത്തിയതിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് ഗ്രൂപ്പ് ആകുന്ന വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥനു പകരം മറ്റൊരു കൺവീനറെ പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം തെരഞ്ഞെടുത്തിട്ടില്ല. ഈ കമ്മിറ്റികൾ തങ്ങളുടെ കടമ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി വിലയിരുത്താം.

കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം, ലിസി ചാണ്ടി, തൈത്തറയിൽ എന്ന ഗുണഭോക്താവ് 2019 സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ തീറ്റ വാങ്ങിയിട്ടില്ല. കാലിത്തീറ്റ വാങ്ങുന്നതിൽ തുടർച്ചയായി മൂന്ന് മാസത്തിലധികം വീഴ്ച വരുത്തിയാൽ ഗുണഭോക്താവ് പ്രോജക്ടിൽ നിന്ന് പുറത്താകുന്നതാണ്. 2019 സെപ്തംബർ മാസം കാലിത്തീറ്റ നൽകാതിരുന്നതിനാൽ ആ മാസം വാങ്ങാതിരുന്നത് ശ്രീമതി ലിസി ചാണ്ടിയുടെ വീഴ്ചയല്ലെന്നും 2019 ഡിസംബർ മാസവും ഇവർ കാലിത്തീറ്റ വാങ്ങുന്നില്ലെങ്കിൽ ഇവരെ പ്രോജക്ടിൽ നിന്ന് പുറത്താക്കുന്നതാണെന്നും ഇവർക്കു വേണ്ടി ചെലവഴിച്ച തുക കഴിഞ്ഞിട്ടുള്ള പ്ലാൻ ഫണ്ട് വിഹിതവും സർക്കാർ വിഹിതവും കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടികൾ ആവശ്യമെങ്കിൽ ആയത് കൈക്കൊള്ളേണ്ടതും പദ്ധതി പൂർത്തീകരണവേളയിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

# 1-20 ലൈഫ് ഭവന പദ്ധതി- ധനസഹായം ലഭിച്ചിട്ടും വീട് പണി

# പൂർത്തിയാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | S 0078/ , ലൈഫ് ഭവന പദ്ധതി ജനറൽ |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം - 1226600<br>ബ്ലോക്ക്പഞ്ചായത്ത് വിഹിതം -1027494<br>ജില്ലാ പഞ്ചായത്ത് വിഹിതം -1050000<br>ലോൺ, സംഭാവന –5895906<br>ആകെ = 92,00,000/- |
| ചെലവ് | 40,60,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുത്തോലപുരം |

ആദ്യ ഗഡുവായി കുമാരി സജ്ജ, ഉരുളിച്ചാലിൽ, മുത്തോലപുരം, വാർഡ് 4 എന്ന വ്യക്തി 40,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. (ചെക്ക് നം.1254012/19.02.19). ശ്രീമതി ഉഷാ പീറ്റർ,കണ്ണൻകല്ലേൽ, മുത്തോലപുരം, വാർഡ് 4 എന്നയാൾ 40,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ( ചെക്ക് നം.865998/ 26.03.19). എന്നാൽ വീട് നിർമ്മണത്തിന്റെ ആദ്യ ഘട്ടം പോലും പൂർത്തീകരിച്ചിട്ടില്ല. ഇതിനു മറുപടിയായി മാർച്ച് 2020 ന് മുൻപ് രണ്ട് പേരും പണി പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലൈഫ് പദ്ധതി മാർഗ്ഗരേഖ പ്രകാരം വീട് നിർമ്മാണം മുമ്പോട്ടു കൊണ്ടുപോകുന്നതിൽ ബുദ്ധിമുട്ടുള്ളവർക്ക് ധനസഹായത്തിന് പുറമേ സാധ്യമായ മറ്റു സഹായങ്ങളും പഞ്ചായത്ത് ചെയ്യേണ്ടതാണ്. എന്നിട്ടും പണി പൂർത്തീകരിക്കുന്നില്ലെങ്കിൽ തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-21 പാലിന് ഇൻസെന്റീവ്- മതിയായ തുക വകയിരുത്തുന്നില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | S 081/18-19, ക്ഷീര സംഘങ്ങൾക്ക് പാലിന് ഇൻസെന്റീവ് |
| അടങ്കൽ | വികസന ഫണ്ട് (പൊതു വിഭാഗം) – 4,00,000<br>ബ്ലോക്ക് വിഹിതം -2,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം – 1,22,500<br>ആകെ = 7,22,500/- |
| ചെലവ് | 01/18-19-15.11.18 തുക 4,00,000<br>1254724-21.03.19 തുക 2,00,000<br>1254725-21.03.19 തുക 1,22,500<br>ആകെ = 7,22,500/- |

പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് 2018 ഏപ്രിൽ മുതൽ ഓഗസ്റ്റ് മാസം വരെ അഞ്ച് മാസം മാത്രമാണ് ഇൻസെന്റീവ് വിതരണം ചെയ്തിട്ടുള്ളത്. അതു തന്നെ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ പ്രതി ലിറ്റർ മൂന്ന് രൂപ വെച്ച് വിതരണം ചെയ്യേണ്ടിയിരുന്നെങ്കിലും 2.97 (400000/134839L) രൂപ വെച്ചാണ് വിതരണം ചെയ്തിട്ടുള്ളത്. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ പ്രതി ലിറ്റർ നാല് രൂപ വെച്ച് വിതരണം ചെയ്യേണ്ടിയിരുന്നെങ്കിലും 3.65 (322500/88269L) രൂപ വെച്ചാണ് വിതരണം ചെയ്തിട്ടുള്ളത്. പഞ്ചായത്തിലെ ശരാശരി പ്രതിമാസ പാലുല്പാദനം 44,000 ലിറ്ററാണ്. രണ്ട് മാസത്തെ ഡ്രൈ പീരീഡ് ഒഴികെയുള്ള പത്ത് മാസത്തെ ആകെ പാലുല്പാദനം 4,40,000 ലിറ്ററും ഇതിനു വേണ്ടി പ്രതി ലിറ്റർ മൂന്ന് രൂപ വെച്ച് പ്ലാൻ ഫണ്ടിൽ നിന്ന് വകയിരുത്തേണ്ടിയിരുന്നത് 13,20,000/- രൂപയാണ്. തുക വകയിരുത്തിയതിൽ 5,00,000/- രൂപയോളം കുറവ് വന്നിട്ടുണ്ട്. ആകെ പാലുത്പാദനം പരിഗണിച്ചാൽ ഈ മേഖലയിൽ പഞ്ചായത്ത് ശക്തമാണെന്ന് കരുതാം. ആയതിനാൽ ഈ ശക്തി നിലനിർത്തുന്നതിന് പ്രോത്സാഹനമായി നൽകാൻ ജില്ലാ പഞ്ചായത്തിൽ നിന്നോ ബ്ലോക്ക് പഞ്ചായത്തിൽ നിന്നോ പരമാവധി തുക ലഭിക്കാനുള്ള ശ്രമം നടത്തേണ്ടതാണെന്നുള്ള വസ്തുത പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

**- .**

ഇല്ല

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

**- .**

ഇല്ല

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിൽ സ്റ്റോക്ക് വിഹിതമായി 16,00,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 10,50,000/- രൂപയും ബാക്കിയുണ്ട്. എന്നാൽ ഈ തുകകൾ B-4 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1600000 | ഗവ.എൽ.പി.എസ്. ആലപുരം ടോയ് ലെറ്റ് ബ്ലോക്ക് നിർമ്മാണം | 0 | 1600000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1050000 | ലൈഫ് ഭവന പദ്ധതി പുതിയ വീട് നിർമ്മാണം | 0 | 1050000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 122500 | ക്ഷീര സംഘങ്ങൾ വഴി പാലിന് ഇൻസെന്റീവ് | 122500 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 237000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 237000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 2077494 | ലൈഫ് ഭവന പദ്ധതി പുതിയ ഭവന പദ്ധതി | 2077494 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ക്ഷീര സംഘങ്ങൾ വഴി പാലിന് ഇൻസെന്റീവ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ | 100000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ജനമൈത്രി റോഡ് ജി.ഐ.പൈപ്പ് സ്ഥാപിക്കൽ | 173719 / 26.2.2018 | 107000 | 0 | 107000 |
| കെ.എസ്.ഇ.ബി. | വാർഡ്- സ്ട്രീറ്റ് ലൈൻ വലിക്കൽ | 28/18-18/25.02.19 | 99,756 | 0 | 99,756 |
| കെ.എസ്.ഇ.ബി. | നെല്ലപ്പാറ അംഗൻവാടി- പോസ്റ്റ് മാറി സ്ഥാപിക്കൽ | 36392/6.3.19 | 36,805 | 0 | 36,805 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2018-19 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടേയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | 68/2018/lsgd/18, 111/18/lsgd., dtd 13.8.2018 | 16,60,992 | 0 | 0 | 0 | 16,60,992/- |

വാർഷിക കണക്കുകൾ പ്രകാരം 16,62,887/- രൂപയാണ് തിരിച്ചടക്കുവാൻ ബാക്കിനിൽക്കുന്നത്. വായ്പായിനത്തിൽ ലഭിച്ച തുകയ്ക്ക് ബാങ്കിൽ നിന്നും ലഭിച്ച പലിശ തുകയായ 1,895/- രൂപ വായ്പായിനത്തിൽ അക്കൗണ്ട് ചെയ്തതിനാലാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്.

## 4-6. സ്ഥിരനിക്ഷേപങ്ങൾ

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച് തുക | 1000000 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | KGB / CDR 454376 dt. 21.3.2019 | 1000000 |

# 4-7. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 2760/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2015-16 | 2.2 | 360 | ക്ഷീരോൽപാദക സഹകരണ സംഘം,ജോസ് ഗിരി | 118020101224 / 4.7.2018 |
| | | 1200 | ക്ഷീരോൽപാദക സഹകരണ സംഘം, മുക്കം | 118020104244 / 29.3.2019 |
| | | 600 | ക്ഷീരോൽപാദക സഹകരണ സംഘം, പെരുമ്പടവം | 118020102340 /17.1.2019 |
| 2006-7 | 2.2 | 600 | കെ.കെ.ജെ. ഫൗണ്ടേഷൻ | 118020101625 / 15.11.2018 |
| | ആകെ | 2760 | | |

# 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-2 | 2016-17 | 2.2 | മൊബൈല ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചപ്പോൾ കെട്ടിടത്തിന്റെ പ്ലിന്ത് ഏരിയ കണക്കാക്കിയതിൽ കുറവ് വന്നതിനാൽ വസ്തു നികുതി നിർണ്ണയത്തിൽ കുറവ് വന്നു | ഖണ്ഡികയിൽ പറയുന്ന 4/343A നമ്പർ മുത്തോല പുരം ടവറിന്റെ തറ വിസ്തീർണ്ണം പുന പരിശോ ധിച്ച് വസ്തു നികുതി 47250/- രൂപ നിരക്കിൽ 2015-16 മുതൽ ഈടാക്കിയതായി അറിയിച്ചു. കൂടാതെ 2014-15 ൽ ബിൽഡിംഗ് പെർമിറ്റ് എടുത്ത് 2015-16 ൽ ഒക്കുപ്പെൻസി നൽകിയ ടവറിന് അസസ്സ്മെന്റ് രേഖകളിൽ 2013-14 മുതൽ തെറ്റായി നികുതി ഡിമാന്റ് ചെയ്തത് തിരുത്തുകയും ചെയ്തിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.<br>രസീത് നം.<br>11502500003/ 26.8.2015 തുക 24759/-, 117020500030/ 115.3.2018 തുക 124080/- |
| | | | | 2014-15 ൽ ബിൽഡിംഗ് പെർമിറ്റ് എടുത്ത ടവറുകൾക്ക് 2015-16 ൽ ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതും എന്നാൽ ഡിമാന്റ് രേഖകളിൽ 2013-14 മുതൽ മാത്രമാണ് നികുതി ഡിമാന്റ് ചെയ്തത് | പരാമർശത്തിലെ 3/122A നമ്പർ നെല്ലൂരുപാറ – ഇടയാർ റോഡ് ടവറിന്റെ തറ വിസ്തീർണ്ണം പുന പരിശോധിച്ച് വസ്തു നികുതി 17628/- രൂപ നിരക്കിൽ 2015-16 മുതൽ ഈടാക്കിയിട്ടുണ്ട്. കൂടാ തെ 2014-15 ൽ ബിൽഡിംഗ് പെർമിറ്റ് എടുത്ത് 2015-16 ൽ ഒക്കുപ്പെൻസി നൽകിയ ടവറിന് അസസ്സ്മെന്റ് രേഖകളിൽ 2013-14 മുതൽ തെറ്റായി നികുതി ഡിമാന്റ് ചെയ്തത് തിരുത്തിയതായും അറിയിച്ചു. 2015-16 മുതൽ 2017-18 വരെ തുക ഈടാക്കിയതിന്റെ വിവരം<br>11502500002/ 26.8.2015 തുക 24381/- , 117020500031/ 15.3.2018 തുക 31149/- |
| 2015-16 | 2.2 | 2016-17 | 2.2 | താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും | പരാമർശത്തിലെ 8 സ്ഥാപനങ്ങളിലെ കുടിശ്ശിക സഹിതം തൊഴിൽ നികുതി ഈടാക്കിയതായി അറിയിച്ചു. |

| | | | | | |
|---|---|---|---|---|---|
| | | | | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | |
| | | | | മാവേലി സ്റ്റോർ ഇലഞ്ഞി | രസീത് നം.<br>11602100396 / 23.5.2016 തുക 2500/- |
| | | | | മാവേലി സ്റ്റോർ, മുത്തോലപുരം | 1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടം 7 പ്രകാരം രണ്ടോ അതിലധി കമോ പ്രദേശത്ത് നടത്തുന്ന ബിസിനസിന്റെ വരുമാനം നിർണ്ണയിക്കൽ പ്രകാരം ഇലഞ്ഞി സപ്ലൈക്കോയും മാവേലി സ്റ്റോർ മുത്തോലപുരവും സിവിൽ സപ്ലൈസിന്റെ കീഴിൽ വരുന്നതിനാലും ഇലഞ്ഞി സപ്ലൈക്കോ സ്ഥാപന തൊഴിൽ നികുതി 1250/- രൂപ വീതം അടയ്ക്കുന്ന മാവേലി സ്റ്റോർ മുത്തോല പുരത്തിന്റെ സ്ഥാപന തൊഴിൽ നികുതി - പരാമർശം ഒഴിവാക്കുവാൻ അഭ്യർത്ഥിച്ചിട്ടുണ്ട് |
| | | | | ക്ഷീരോൽപാദക സഹകരണ സംഘം, ഇലഞ്ഞി | 117020101293/ 31.8.2017 തുക 2000/- |
| | | | | ക്ഷീരോൽപാദക സഹകരണ സംഘം, കുളങ്ങരപ്പടി | 117020100265/ 8.5.2019 തുക 240/- |
| | | | | ക്ഷീരോൽപാദക സഹകരണ സംഘം, ജോസ് ഗിരി | 117020101224/ 4.7.2018 തുക 360/- |
| | | | | ക്ഷീരോൽപാദക സഹകരണ സംഘം, മടുക്ക | 117020104244/ 29.3.2019 തുക 1200/- |
| | | | | ക്ഷീരോൽപാദക സഹകരണ സംഘം, പെരുമ്പടവം | 117020102340/ 17.1.2019 തുക 600/- |
| | | | | ക്ഷീരോൽപാദക സഹകരണ സംഘം, മുത്തോലപുരം | 117020100268 / 9.5.2019 തുക 240/- |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| **ഇല്ല** | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ | വാർഷിക | ഖണ്ഡിക | ഉത്തരവാദിയായ | ചാർജ് | സ്വയം | റവന്യൂ | കോടതി | ആകെ | അവശേ | റിമാർ |
|---|---|---|---|---|---|---|---|---|---|---|

| നം | റിപ്പോർട്ട് | നം | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർട്ടിഫിക്കറ്റ് | | അടവാക്കിയത്, (സ്ഥലം, തീയതി) | റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | വ്യവഹാരങ്ങളിൽ | | ലഭ്യമായ തുക | ഷിക്കന്ന തുക/ ബാദ്ധ്യത | ക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-10. ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,04,06,136.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,34,64,217.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 99,756.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| ഇല്ല | | | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 99,756/- | ശ്രീമതി അനിമോൾ കെ., സെക്രട്ടറി |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(എഫ്)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനിമോൾ കെ. , സെക്രട്ടറി | സെക്രട്ടറി, | ശ്രീശൈലം, |

| | പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് | പാഴൂർ പി.ഒ., പിറവം |
|---|---|---|

# 4-11. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | L.F.E.(P) 919/2000/ 20.01.2002 | 2 |
| 2006-07 | L.F.E. (P) 179/08/ 19.04.2008 | 9 |
| 2008-09 | L.F.E .(P 9) 669/10 29.10.2011 | 12 |
| 2009-10 & 2010-11 | L.F.E. (P 9)1058/13 09.07.2013 | 15 |
| 2011-12 | L.F.E.(P 9) 1699/13 09.09.2013 | 3 |
| 2012-13 | L.F.E. (P 9) 12/2015 22.01.2015 | 5 |
| 2014-15 | K.S.A.E.K.M.(P 9) 1188/2016 19.07.2016 | 9 |
| 2015-16 | K.S.A.E-K.M.(P 9) 2227/16 12.01.2017 | 4 |
| 2016-17 | K.S.A-E.K.M.(P 9) 1265/17 26.07.2017/26.09.17 | 10 |
| 2017-18 | KSA EKM P9 2186/ 2018 dt 6.3.2019 | 9 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

# <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ) 1413/ 2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഇലഞ്ഞി ഗ്രാമ പഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

ന്യൂനതകളുടെ സംഗ്രഹം

1. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും മൂല്യനിർണ്ണയം നടത്തി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ലോൺ രജിസ്റ്റർ പ്രകാരം വായ്പായിനത്തിൽ 1660992/- രൂപയാണ് കെ.യുയആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പയിനത്തിൽ ലഭിച്ചിട്ടുള്ളത്. ഈ തുക ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തതിന് 1895 രൂപ പലിശയിനത്തിൽ ലഭിച്ചിട്ടുണ്ട്. ഈ തുക കൂടി കൂട്ടിയെടുത്ത് 1662887/- ബാലൻസ് ഷീറ്റിൽ വായ്പായിനത്തിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

3.ജേർണൽ എൻട്രിയിലൂടെ വസ്തു നികുതിയുടെ ഡിമാന്റിൽ I-18 , ഷെഡ്യൂളിൽ പ്രയർ പീരീയഡിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം മാറ്റം വരുത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭിച്ചില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Elanji Grama Panchayat** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Elanji **Grama Panchayat** for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Annexure

Abstrct of Defects / Discripancies.

1. Assets including land are not accounted properly and entered in the asset register and reconciled with the book values in the Annual Financial Statement.

2. As per the loan register an amount of Rs.16,60,992/- was received as loan from the KURDFC . The amount was deposited in the bank and an amount of Rs. 1895/- was received as interest from the bank. But in the balance sheet total liability shown in the loan account is Rs. 16,62,887/-.

3. Changes were made in the demand for property tax under the head prior period items in the I-18 schedule through journal entry.But the details were not made available for verification.

DEPUTY DIRECTOR

sj